കാറുണ്ട്. പുതിയ പാലം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പുതിയ പാലം പണിയാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, പി. ഡി. റോഡിലെ പെരിയാർ നദിക്ക് കുറുകെ കരിന്തിരികോസ്വേ ഇപ്പോൾ നിലവിലുണ്ട്. അവിടെ പുതിയ പാലം പണിയാനുള്ള പ്രൊപ്പോസൽ ഇല്ല. കോസ്വേക്ക് കേടുവന്നിട്ടുണ്ട്. അത് പുനർ നിർമ്മിക്കാനുള്ള പരിപാടിയുണ്ട്. അതിന് 17 ലക്ഷത്തിൽപരം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കഴിയുന്നതും വേഗം അത് നടത്തണമെന്നാണ് ഗവൺമെൻറ് ആലോചിക്കുന്നത്. അതുതന്നെ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് നീണ്ടുപോവുകയാണ്. ആ നിലയ്ക്ക് അതിനേക്കാൾ ചെലവുകൂടിയ പാലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ഇല്ല. ഈ കോസ്വേയുടെ പുനർനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

(38) കൊച്ചി എണ്ണ ശുദ്ധീകരണശാലയിലെ തീപിടിത്തത്തെ തുടർന്നുള്ള നഷ്ടപരിഹാരം

ശ്രീ. ബെന്നി ബഹനാൻ : ഏകദേശം രണ്ടുവർഷം മുമ്പ് കൊച്ചി എണ്ണ ശുദ്ധീകരണശാലയിലുണ്ടായ പൊട്ടിത്തെറിമൂലം നഷ്ടം സംഭവിച്ച ആളുകൾക്ക് ഇതുവരെ നഷ്ടപരിഹാരം കിട്ടിയിട്ടില്ല. ഇൻഷ്വറൻസ് ഏജൻസികളും ഓയിൽ റിഫൈനറിയും കൂടിയാണ് നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞിരുന്നത്. പക്ഷേ കൊടുത്തവർക്ക്തന്നെ വളരെ കുറച്ച് തുക മാത്രമേ കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് ഈ തുക കിട്ടാനുള്ള ആളുകൾക്കും, കുറച്ച് സംഖ്യ കിട്ടിയവർക്കും ഈ നഷ്ടപരിഹാര തുക പൂർണ്ണമായി കൊടുക്കണമെന്ന് ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കൊച്ചിൻ റിഫൈനറിയിലെ അപകടത്തെത്തുടർന്ന് നാലുപേരാണ് മരിച്ചത്. അതിൽ മൂന്നുപേർ അവിടത്തെ ജീവനക്കാരും ഒരാൾ പുറത്തുള്ള ആളുമാണ്. ജീവനക്കാർ കരാറുകാരന്റെ കൂലിക്കാരാണ്. അവിടെയുള്ള ജീവനക്കാരിൽ മൂന്നുപേർക്ക് പതിനായിരം രൂപാവീതം, ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. കരാറുകാരന്റെ കീഴിൽ ജോലിചെയ്യുന്ന ആൾക്ക് 7,500 രൂപയും കൊടുത്തിട്ടുണ്ട്. ഒരു വീട് നഷ്ടപ്പെട്ടതിന് 750 രൂപയാണ് കൊടുത്തിട്ടുള്ളത്. മറ്റ് ഏതെങ്കിലും സംഖ്യ കൂടുതൽ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് കൊച്ചിൻ റിഫൈനറിയിലെ ഭാരവാഹികളുമായി ബന്ധപ്പെടാം.

(39) കീരിത്തോടു ഗവൺമെൻറ് സ്കൂളിന് പുതിയ കെട്ടിടം

ശ്രീ. ജോസ് കുറ്റ്യാനി : ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴി പഞ്ചായത്തിൽ കീരിത്തോട് ഗവൺമെൻറ് സ്കൂൾ കഴിഞ്ഞ ജൂൺമാസം 26-ാം തീയതി ഉണ്ടായ പ്രകൃതിക്ഷോഭത്തിനേറയും ഉരുൾപൊട്ടലിനേറയും ഫലമായി വീണ് നിലംപതിച്ചിരിക്കുകയാണ്. തൻമൂലം ആ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിന്റെ കെടുതിമൂലം വളരെയേറെ തിക്താനുഭവം നേരിടുന്ന ആ പ്രദേശത്തെ പാവപ്പെട്ട കൃഷിക്കാർക്ക് ആ സ്കൂൾ കെട്ടിടം പുതുതായി നിർമ്മിച്ചുകൊടുക്കാനുള്ള ശേഷിയില്ലാത്തതുകൊണ്ട് ആ സ്കൂൾ കെട്ടിടം ഏറ്റവും വേഗം നിർമ്മിച്ചുകൊണ്ട് ആവശ്യമായ അടിയന്തിര നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly